**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5330** **01.07.2019 ൽ മറുപടിക്ക്.**

**ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ജി.എസ്.ടി.വരുമാനമാണ് ലക്ഷ്യമിട്ടിരുന്നത്; പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 2018-19 സാമ്പത്തിക വർഷം സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ പ്രതീക്ഷിച്ച നികുതി വരുമാനം 46795.68 കോടി രൂപയാണ് (ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം). ലഭിച്ച വരുമാനം 43707.51 കോടി രൂപയാണ്. പ്രതീക്ഷിച്ച വരുമാനം സമാഹരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു.<br>**1.** കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ച എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ പൂർണമായും ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.<br>**2.** GST യുമായി ബന്ധപ്പെട്ട് 2017-18 ന്റെ Annual Return ആഗസ്റ്റ് 2019 വരെ ഫയൽ |

| | | | |
|---|---|---|---|
| | | | ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>**3.** ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28% ൽ നിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു.<br>നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുന:പരിശോധിക്കാനുള്ള സാധ്യത വിരളമാണ്. |
| (ബി) | പ്രസ്തുത നികുതി പിരിച്ചെടുക്കുവാൻ സംസ്ഥാന സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നറിയിക്കാമോ; | (ബി) | പ്രസ്തുത നികുതി പിരിച്ചെടുക്കാൻ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റംസ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുകയും ചെയ്തു.<br>2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനു വേണ്ടി നാല് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു. |

| | | | |
|---|---|---|---|
| | | | 4. റിട്ടേൺ സ്ക്രൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>7. മെറ്റൽ ക്രഷർ യൂണിറ്റുകൾ മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു.<br>8. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>9. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.<br>10. സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് ചെക്ക് പോസ്റ്റുകൾ ഇല്ലാതായി.<br>അതുകൊണ്ട് അതിർത്തി കടന്നു വരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിന് വേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചു.<br>11. ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാന വ്യാപകമായി 76 സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ട്. അതിൽ 19 സ്ഥാപനങ്ങളുടെ കണക്കു പരിശോധിച്ച് തീർപ്പാക്കിയതിൽ നിന്നും 3.11 കോടി രൂപ നികുതി ഇനത്തിലും പിഴയായും ഈടാക്കിയിട്ടുണ്ട്. ബാക്കി |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിച്ച് വരുന്നതും അവിടെ നിന്ന് കണ്ടെടുത്ത സ്റ്റേറ്റ്മെന്റുകളും, പരിശോധനയുമായി ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങളും വ്യാപാരികളുടെ റിട്ടേണുകളും കണക്കുകളുമായി ഒത്തുനോക്കി പരിശോധിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പിന്റെ യഥാർത്ഥ കണക്കുകൾ മേൽ പറഞ്ഞ പരിശോധനയ്ക്ക് ശേഷമേ വ്യക്തമാവുകയുള്ളൂ. |
| (സി) | അതിർത്തിയിൽ ഇ-വേ ബില്ലുകളും, വാഹനങ്ങളിലെ ചരക്കും പരിശോധിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | അതിർത്തിയിൽ ഇ-വേ ബില്ലുകളും, വാഹനങ്ങളിലെ ചരക്കും പരിശോധിക്കുന്നതിന് 126 സർവൈലൻസ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. |
| (ഡി) | വാഹനങ്ങളുടെ നമ്പർ അടിസ്ഥാനത്തിൽ ഇ-വേ ബില്ലുകൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (ഡി) | വാളയാറിൽ പൈലറ്റ് അടിസ്ഥാനത്തിൽ എ.എൻ.പി.ആർ. ക്യാമറ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ക്യാമറ പിടിച്ചെടുക്കുന്ന വണ്ടി നമ്പരുകളിൽ ചരക്ക് വാഹനങ്ങളുടെ നമ്പരുകൾ മാത്രമായി ഫിൽറ്റർ ചെയ്ത് പ്രസ്തുത വാഹനങ്ങൾക്ക് ഇ-വേ ബിൽ ഉണ്ടോ എന്ന് തത്സമയം പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. |

**സെക്ഷൻ ഓഫീസർ**